(6) യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിലെ പ്രതിസന്ധി

ശ്രീ. എൻ. അനിരുദ്ധൻ: സർ, കൊല്ലത്തെ പ്രമുഖമായ ഒരു വ്യവസാ സ്ഥാപനമാണ് യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ്. അത് കഴിഞ്ഞ 10.00 AM] യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അടച്ചുപൂട്ടലിന വക്കിലെത്തിയതാണ്. അതിനെ പുനരുദ്ധരിച്ച് ലാഭകരമായ പ്രവർത്തിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്തത് തികച്ചും അഭിനന്ദനാർഹമാണ്. എന്നാൽ കുറച്ച് നാൾ പ്രവർത്തിച്ചതിനുശേഷം ഇപ്പോ അത് അതീവ ഗുരുതരമായ പ്രതിസന്ധിയെ നേരിടുകയാണ്. അവിടെ ഇലക്ട്രോണിക മീറ്ററുകളാണ് ഉത്പാദിപ്പിക്കുന്നത്. ആ മീറ്ററിന് മാർക്കറ്റിൽ നല്ല ഡിമാന്റുണ്ട് പക്ഷേ വേണ്ടത്ര ഉത്പാദിപ്പിച്ച് നൽകാൻ ആ സ്ഥാപനത്തിന് കഴിയുന്നില്ല. നേരത്തെ മാനേജ്മെന്റും തൊഴിലാളികളും തമ്മിലുള്ള സ്വരച്ചേർച്ച ഇല്ലായ്മ കമ്പനിയുടെ പ്രവർത്തനത്തിൽ തടസ്സം ഉണ്ടാക്കി. അത് പരിഹരിക്കുന്നതിന് അന കഴിഞ്ഞില്ല. ആവശ്യമില്ലാതെ സബ്സ്റ്റാൻഡേർഡായിട്ടുള്ള റാ മെറ്റീരിയൽസ് ധാരാളമായി വാങ്ങിക്കൂട്ടിയതാണ് പ്രതിസന്ധിക്ക് കാരണമെന്ന് ഇപ്പോൾ പറയുന്നുണ്ട്. എന്തിനും അതിൽ ഇടപെട്ട് അതിന്റെ പ്രശ്നങ്ങൾ പഠിച്ച് അത പരിഹരിച്ച് ഈ സ്ഥാപനത്തെ നിലനിർത്തുന്നതിനുവേണ്ടിയുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കാനാണ് ഈ സബ്മിഷനിലൂടെ ഞാൻ ശ്രമിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ)

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരിം): സർ, കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ കമ്പനി ഇന്ന് ഗുരുതരമായ പ്രതിസന്ധിയൊന്നും നേരിടുന്നില്ല എൽ.സി.ഡി. മീറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കമ്പനിയിലുണ്ടായ ചില സാങ്കേതിക പ്രശ്നങ്ങൾ കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായ് ബാധിച്ചിരുന്നു. യുണൈറ്റഡ് ഇലക്ട്രിക്കൽസിന്റെ പ്രധാന ഉത്പന്നമായ ഇലക്ട്രിക് മീറ്റർ പ്രധാനമായും സപ്ലൈ ചെയ്യുന്നത് കെ.എസ്.ഇ.ബി.-ക്കാണ്. മെക്കാനിക്കൽ കൗണ്ടർ ടൈപ്പ് മീറ്ററുകളാണ് 2009 ഒക്ടോബർ വരെ നിർമ്മിച്ചിരുന്നത്. ഇത്തരം മീറ്ററുകളാണ് കെ.എസ്.ഇ.ബി.-ക്ക് കമ്പനി 2006 ഡിസംബർ വരെ നൽകിയത്. എന്നാൽ തുടർന്ന് കെ.എസ്.ഇ.ബി. കമ്പനിക്ക് നൽകിയ ആറ് ലക്ഷം മീറ്ററിന്റെ ഓർഡർ മെക്കാനിക്കൽ കൗണ്ടർ ടൈപ്പ് മീറ്ററുകൾക്ക് പകരം എൽ.സി.ഡി. മീറ്ററുകൾക്കാണ്. അതുവരെ കമ്പനി നിർമ്മിച്ചിരുന്ന മെക്കാനിക്കൽ കൗണ്ടർ ടൈപ്പ് മീറ്ററുകളിൽനിന്ന് എൽ.സി.ഡി. ടൈപ്പ് മീറ്ററിലേക്ക് മാറിയപ്പോൾ മീറ്ററിന്റെ ഗുണനിലവാരത്തിൽ ചില മാറ്റങ്ങളുണ്ടായി എന്നത് യാഥാർത്ഥ്യമാണ്. പെട്ടെന്ന് ടെക്നോളജിയിലുണ്ടായ മാറ്റത്തിന്റെ ഫലമായി സംഭവിച്ചതാണ്. മാത്രമല്ല എൽ.സി.ഡി. മീറ്ററിന്റെ നിർമ്മാണത്തിനുള്ള പ്രധാന അസംസ്കൃത വസ്തുവായ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ട് ബോർഡ് മറ്റൊരു പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽ നിന്നാണ് വാങ്ങുന്നത്. എന്നാൽ കെൽട്രോണിന് ഈ കമ്പനിക്കാവശ്യമായ രീതിയിൽ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ട് ബോർഡ് യഥാസമയം ലഭ്യമാക്കാൻ കഴിയാതെ വന്നു. അങ്ങനെ കരാർ പ്രകാരമുള്ള തരത്തിൽ കെ.എസ്.ഇ.ബി.-ക്ക് മീറ്റർ നൽകാൻ കമ്പനിയ്ക്കു കഴിയാതെ വന്നു. മീറ്റർ നിർമ്മാണത്തിൽ ടെക്നോളജിയിലുണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

മാറ്റവും എൽ.സി.ഡി. മീറ്റർ നിർമ്മിക്കുന്നതിനാവശ്യമായ അസംസ്കൃത വസ്തുവായ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ട് ബോർഡിന്റെ ദൗർലഭ്യവുമാണ് കമ്പനിയിൽ ചെറിയ തോതിൽ പ്രതിസന്ധി സൃഷ്ടിച്ചത്. എന്നാൽ ഇന്ന് ഈ പ്രശ്നങ്ങളെല്ലാം പരിഹരിച്ചിട്ടുണ്ട്. എൽ.സി.ഡി. മീറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങളെല്ലാം പരിഹരിച്ച് കുറ്റമറ്റ രീതിയിൽ മീറ്റർ നിർമ്മിക്കാൻ തുടങ്ങിയിട്ടുണ്ട്. മീറ്റർ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പോപ്പുലേറ്റഡ് പ്രിന്റഡ് സർക്യൂട്ട് ബോർഡ് ആവശ്യാനുസരണം ലഭിക്കുന്നതിനുവേണ്ടി കെൽട്രോണിനെക്കൂടാതെ അംഗീകൃത ഉത്പാദകരിൽ നിന്നുകൂടി വാങ്ങാൻ തുടങ്ങിയിട്ടുണ്ട്. ഇതിന്റെ ഫലമായി കെ.എസ്.ഇ.ബി.-യിൽ കഴാർ പ്രകാരമുള്ള അൻപതിനായിരത്തോളം മീറ്ററുകൾ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. കെ.എസ്.ഇ.ബി.ക്ക് ആവശ്യമായ മീറ്ററുകൾ കുറ്റമറ്റ രീതിയിൽ ചെയ്തുകൊടുക്കാൻ കഴിയുമെന്നതിനാൽ ഇപ്പോൾ കമ്പനി പ്രതിസന്ധിയൊന്നും നേരിടുന്നില്ല.

(7) കടലാക്രമണ പ്രതിരോധ പദ്ധതി

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനം രൂപീകരിക്കുന്നതിന് മുൻപ് 1954-ൽ ഡോ. വേലുക്കുട്ടി അരയൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് കടലാക്രമണ പ്രതിരോധ പദ്ധതി സമർപ്പിച്ചിരുന്നു. കടലിലെ തിരക്കുഴിയിൽ നിന്നും മണ്ണ് കുഴിച്ചെടുത്ത് മുക്കാൽ കിലോമീറ്റർ വീതിയിൽ തീരത്തിന്റെ നീളത്തിൽ പുതിയ കര ഉണ്ടാക്കുകയാണ് ഡോ. വേലുക്കുട്ടി അരയൻ ഈ പദ്ധതിയിലൂടെ നിർദ്ദേശിച്ചത്. മണ്ണ് കുഴിക്കുമ്പോൾ ആഴം കൂടുന്നതിനാൽ തിരയുടെ ശക്തി കുറയുകയും കടലാക്രമണം ഇല്ലാതാവുകയും മത്സ്യപ്രജനനവും മത്സ്യബന്ധനവും സുഗമമാവുകയും ചെയ്യുമെന്നാണ് കണക്കാക്കുന്നത്. നിലവിലെ സമ്പ്രദായമായ കരിങ്കൽ ഭിത്തിക്ക് പകരം പരീക്ഷിക്കാവുന്ന സമ്പ്രദായമാണ് ഇത്. സർക്കാരിന് കോടിക്കണക്കിന് രൂപയുടെ ലാഭം ഇതിലൂടെ ഉണ്ടാവുകയും ചെയ്യും. പാരിസ്ഥിതികമായ പ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഇത് ഇടയാക്കും. ലോകത്ത് പല രാജ്യങ്ങളിലും ഈ സ്കീം നടപ്പാക്കി വിജയം വരിച്ചിട്ടുണ്ട്. നോർവെ, പോളണ്ട് തുടങ്ങിയ രാജ്യങ്ങൾ ഉദാഹരണങ്ങളാണ്. സുനാമി ദുരന്തത്തിനുശേഷം സംസ്ഥാനത്തെ പ്രമുഖ പത്ര മാധ്യമങ്ങൾ ഈ പദ്ധതിയുടെ പ്രാധാന്യം ചൂണ്ടിക്കാട്ടിയിരുന്നു. ഞാൻ ഈ സഭയിൽത്തന്നെ സബ്മിഷനിലൂടെ ഈ വിഷയം കൊണ്ടുവന്നിട്ടുണ്ട്. ശ്രീ. ദിനേശ് മണി ഉൾപ്പെടെയുള്ള ആളുകൾ ഇതിന്റെ പ്രധാന്യം നിരവധി തവണ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. നിലവിലുള്ള തീരസംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ നിന്ന് ഈ പദ്ധതി നടപ്പിലാക്കാൻ കഴിയുമോ എന്നതിനെക്കുറിച്ച് പഠനം നടത്തുവാൻ ഒരു വിദഗ്ദ്ധ ശാസ്ത്ര സമിതിയെ നിയോഗിക്കുമെന്നും സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി കേരള തീരത്ത് സൗകര്യപ്രദമായ സ്ഥലത്ത് ഒരു കിലോമീറ്റർ ദൂരം പരീക്ഷണാർത്ഥം ഈ പദ്ധതി നടപ്പിലാക്കുമെന്നും ബഹുമാന്യനായ ജലവിഭവ വകുപ്പുമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ഇക്കാര്യത്തിൽ തുടർ നടപടികൾ അടിയന്തരമായി ഉണ്ടാകണം. അടിയന്തരമായി കടലാക്രമണ പ്രതിരോധ പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ഒരു പഠനം നടത്തുവാൻ

GOVERNMENT OF KERALA